പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1600 14.06.2013 - ൽ മറുപടിയ്ക്ക്

**കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി**

ചോദ്യം

ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. എം. എ. വാഹിദ്
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. വി. റ്റി. ബൽറാം

ഉത്തരം

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) | സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | ഏതെല്ലാം വകുപ്പിന്റെയും ഏജൻസികളുടെയും സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സാമൂഹ്യനീതി വകുപ്പിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു. എംപാനൽ ചെയ്യപ്പെട്ട സർക്കാർ/ പ്രൈവറ്റ് ആശുപത്രികളിലൂടെയാണ് നടപ്പിലാക്കി വരുന്നത്. |
| (സി) | ഈ പദ്ധതി പ്രകാരം ചികിത്സയ്ക്കുള്ള ചെലവിനത്തിൽ പരമാവധി എന്ത് തുക സർക്കാർ വഹിക്കും; | (സി) | പദ്ധതി പ്രകാരം ഒരു കുട്ടിക്ക് 4,56,521/- രൂപ വിലയുള്ള കോക്ലിയാർ ഇംപ്ലാന്റ് അതത് ആശുപത്രികളിൽ സർജറിയ്ക്കായി ലഭ്യമാക്കും. അതിനുശേഷം മാപ്പിംഗിനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനുമായി 50,000/- രൂപയുമാണ് അനുവദിക്കുന്നത്. |
| (ഡി) | ബധിര - മൂകരായ കുട്ടികൾക്ക് ശ്രവണശേഷി ലഭിക്കുന്നതിനുള്ള ചികിത്സ, പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് നൽകിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം നാളിതുവരെ 190 സർജറികൾ പൂർത്തീകരിച്ചു കഴിഞ്ഞു. |

R. Vijayan

സെക്ഷൻ ഓഫീസർ